**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 21** — **30.11.2015 ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയേറ്റിലെ ഇ-ഫയലിങ്ങ് സമ്പ്രദായം

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | | മറുപടി<br>**ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| (എ) സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിൽ ഇ-ഫയലിങ്ങ് നടപ്പിലാക്കിയിട്ടുണ്ട്; പുതുതായി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കുന്നത്; | (എ) | സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതി യിട്ടിരിക്കുന്നത്. നിലവിൽ 27 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്.(പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു) ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. |
| (ബി) ഇ-ഫയൽ സമ്പ്രദായം പൂർണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഫിസിക്കൽ ഫയലും ഇ-ഫയലും ഒരുപോലെ തയ്യാറാക്കേണ്ടിവരുന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; തൻമൂലമുള്ള അമിത ജോലിഭാരം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | (ബി ) | ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഏതൊക്കെ ഫയലുകൾ ഇലക്ട്രോണിക്ക് ആയും പരമ്പരാഗതമായും കൈകാര്യം ചെയ്യേണ്ടതെന്ന് വ്യക്തമായി നിർവചിച്ച് നൽകിയിട്ടുണ്ട്. ഒരു ഫയൽ തന്നെ രണ്ട് രീതിയിൽ കൈകാര്യം ചെയ്യുന്ന സാഹചര്യം ഒഴിവാക്കുവാൻ ചീഫ് സെക്രട്ടറി എല്ലാ വകുപ്പ് തലവൻമാർക്കും സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കിയ വകുപ്പുകളിൽ ഭൂരിഭാഗം ഫയലുകളും ഇ-ഫയലായി തന്നെയാണ് കൈകാര്യം ചെയ്ത് വരുന്നത്. ഇ-ഫയൽ സമ്പ്രദായം നിലവിൽ വരാത്ത വകുപ്പുകളിൽ നിന്നും നിലവിൽ വന്ന വകുപ്പുകളിലേക്ക് ഫയൽ അയയ്ക്കുന്ന പ്രക്രിയ സുഗമമാക്കുന്നതിന് ഫിസിക്കൽ ഫയലുകൾ സ്കാൻ ചെയ്ത് ഇലക്ട്രോണിക് ഫയലായി അയയ്ക്കുന്നതിനായുള്ള സി.ആർ.യു (സെൻട്രൽ രെജിസ്ട്രി യൂണിറ്റ്) എല്ലാ വകുപ്പുകളിലും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇ-ഫയലിംഗ് നടപ്പിലാക്കിയതിന് ശേഷം ആയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;ഇത് നടപ്പിലാക്കിയതിന് ശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (സി) യും (ഡി) യും | ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തുന്ന പ്രതിമാസ യോഗത്തിൽ ഇ ഓഫീസ് പദ്ധതി അവലോകനം ചെയ്യാറുണ്ട്.കൂടാതെ വകുപ്പ് തലത്തിലും പ്രത്യേകമായി അവലോകനം ചെയ്യാറുണ്ട്. പൊതുജനങ്ങൾക്ക് ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റെർഫേസ്, ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerala.gov.in എന്ന യു.ആർ.എൽ മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇത് ലഭ്യമാകുന്നതാണ്. |
| (ഡി) | ഐഡിയാസ് സംവിധാനത്തിന് പകരമായി ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ? | | |

Anoop.A.N

സെക്ഷൻ ഓഫീസർ

അനുബന്ധം

## സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകൾ

| ക്രമ നമ്പർ | വകുപ്പ് |
|---|---|
| 1 | കൃഷി |
| 2 | പിന്നോക്ക വിഭാഗ വികസനം |
| 3 | മൃഗസംരക്ഷണം |
| 4 | ധനകാര്യം |
| 5 | ഭക്ഷ്യ പൊതു വിതരണം |
| 6 | ആരോഗ്യ കുടുംബ ക്ഷേമം |
| 7 | പൊതു വിദ്യാഭ്യാസം |
| 8 | വ്യവസായം |
| 9 | വിവര സാങ്കേതികം |
| 10 | തദ്ദേശ സ്വയം ഭരണം |
| 11 | റവന്യു |
| 12 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം |
| 13 | കായികവും യുവജന കാര്യവും |
| 14 | സ്റ്റോർസ് പർച്ചേസ് |
| 15 | നികുതി |
| 16 | ജല വിഭവം |
| 17 | ക്ഷീര വികസനം |
| 18 | പൊതുഭരണം |
| 19 | പാർലമെന്ററികാര്യം |
| 20 | ഊർജ്ജം |
| 21 | മത്സ്യബന്ധനവും തുറമുഖവും |
| 22 | ഉന്നതവിദ്യാഭ്യാസം |
| 23 | ഭവനം |
| 24 | നോർക്ക |
| 25 | തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും |
| 26 | ഉപഭോക്തൃകാര്യം |
| 27 | സാമൂഹ്യനീതി |

Anoop.D.M.

സെക്ഷൻ ഓഫീസർ